# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1803 — 22/3/2012 ൽ മറുപടിക്ക്

### കണ്ണൂർ മാങ്ങാട്ടുപറമ്പിലെ കെ.എ.പി ക്യാമ്പിൽ കോൺഗ്രസ് നേതാവിന്റെ ഫോട്ടോവെച്ച സംഭവം

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു : | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കണ്ണൂർ മാങ്ങാട്ടുപറമ്പിലെ കെ.എ.പി. ക്യാമ്പിൽ ഇ -കമ്പനിയിൽ ഗാന്ധിജിയുടെ ചിത്രത്തിനുസമീപം കോൺഗ്രസ്സ് നേതാവ് ശ്രീ. കെ. സുധാകരന്റെ ചിത്രം വെച്ചത് സംബന്ധിച്ച വിവാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇത് സംബന്ധിച്ച് ഒരു ദിനപത്രത്തിൽ വാർത്ത വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത ക്യാമ്പിന്റെ ചുമതല ആർക്കാണ് ; | (ബി) പ്രസ്തുത ബറ്റാലിയന്റെ ചുമതല കമാണ്ടന്റിനാണ്. |
| (സി) രാഷ്ട്രീയ നേതാവിന്റെ പടം വെച്ചത് സംബന്ധിച്ച വിഷയത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണങ്ങൾ നടത്തിയിരുന്നോ; | (സി) പത്രവാർത്തയുടെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടുണ്ട്. |
| (ഡി) എങ്കിൽ ഇതിനുത്തരവാദിയായ ഓഫീസർ. പദവി ദുർവിനിയോഗം ചെയ്തതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയ്ക്കാണ് വിധേയനായത്; | (ഡിയും, ഇയും) ഇത് സംബന്ധിച്ചുള്ള അന്വേഷണം പൂർത്തിയായിട്ടില്ല. അന്വേഷണം പൂർത്തിയായാൽ മാത്രമേ ഇതിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ ഉത്തരവാദിയായിട്ടുണ്ടോയെന്നും മറ്റുമുള്ള വസ്തുതകൾ വെളിവാകുകയുള്ളു. |
| (ഇ) പ്രസ്തുത ഓഫീസർ മേൽ സൂചിപ്പിച്ച രാഷ്ട്രീയ നേതാവിന്റെ ഗൺമാനായി പ്രവർത്തിച്ചയാളാണോ; | |

സെക്ഷൻ ഓഫീസർ